വൈദ്യുതി ചാർജ്ജ്

80 (232) ശ്രീ. വി. ജെ. പൗലോസ് :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ വൈദ്യുതി ചാർജ്ജ് എത്രയായിരുന്നു ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഗാർഹിക ഉപഭോക്താക്കളുടെയും മറ്റുപഭോക്താക്കളുടെയും വൈദ്യുതി ചാർജ്ജ് എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ;

(സി) എന്നെല്ലാമാണ് ഈ ചാർജ്ജ് വർദ്ധിപ്പിച്ചത് ;

(ഡി) ഇപ്പോൾ വൈദ്യുതി ചാർജ്ജ് എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം-1ൽ കൊടുത്തിട്ടുണ്ട്.*

(ബി) രണ്ട് പ്രാവശ്യം വർദ്ധിപ്പിച്ചു.

(സി) 1-2-97-ലും 15-5-99-ലും.

(ഡി) നിലവിലുള്ള വൈദ്യുതി ചാർജ്ജിന്റെ വിശദാംശങ്ങൾ അനുബന്ധം-II-ൽ കൊടുത്തിട്ടുണ്ട്.*

ആറന്മുള ഇലക്ട്രിക്കൽ മേജർ സെക്ഷൻ

81 (233) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട് ;

(ബി) ഇനി അപേക്ഷ നൽകിയ എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകാൻ ബാക്കിയുണ്ട് ; വിശദവിവരം വ്യക്തമാക്കുമോ ;

(സി) ആറന്മുള ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ കീഴിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പണികളുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) ഓരോ പണിക്കും എസ്റ്റിമേറ്റ് തുക എത്ര വീതം എന്നു വെളിപ്പെടുത്തുമോ ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത സെക്ഷന്റെ കീഴിൽ നടന്നിട്ടുള്ള പണികളുടെ വിശദവിവരം വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതിൽ ഓരോ പണിക്കും ചെലവായിട്ടുള്ള തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ജി) പ്രസ്തുത സെക്ഷന്റെ കീഴിൽ എത്ര ട്രാൻസ്ഫോമറുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട് ; വിശദ വിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആറന്മുള ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ കീഴിൽ 1264 വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) 1/6-ലെ കണക്കുപ്രകാരം ഓവർഹെഡ് വിഭാഗത്തിൽ 56 എണ്ണവും വെതർ പ്രൂഫ് വിഭാഗത്തിൽ 177 എണ്ണവും നൽകാൻ ബാക്കിയുണ്ട്.

(സി) ഇപ്പോൾ താഴെപ്പറയുന്ന നാല് പണികൾ നടന്നുകൊണ്ടിരിക്കുന്നു.

1. വെള്ളന്നൂർ വോൾട്ടേജ് ഇംപ്രൂവ്മെന്റ് — ഒരു കി.മീ. 11 കെ.വി. ലൈനും ഒരു 100 കെ. വി. എ. ട്രാൻസ്ഫോമറും
2. കച്ചേരിപ്പടി വോൾട്ടേജ് ഇംപ്രൂവ്മെന്റ് — ഒരു കി.മീ. 11 കെ. വി. ലൈനും, ഒരു 100 കെ.വി.എ. ട്രാൻസ്ഫോമറും
3. പീപ്പിൾസ് പാർട്ടിസിപ്പേഷന്റെ രണ്ടാം വർഷ പണികൾ
4. തോട്ടപ്പുഴശ്ശേരി ട്രാൻസ്ഫോമറിന്റെ ശേഷി വർദ്ധിപ്പിക്കൽ പണികൾ.

(ഡി) എസ്റ്റിമേറ്റ് തുക ചുവടെ ചേർക്കുന്നു.

1.	വെള്ളന്നൂർ വോൾട്ടേജ് ഇംപ്രൂവ്മെന്റ്	3,52,976 രൂപ
2.	കച്ചേരിപ്പടി വോൾട്ടേജ് ഇംപ്രൂവ്മെന്റ്	3,54,500 രൂപ
3.	തോട്ടപ്പുഴശ്ശേരി ട്രാൻസ്ഫോമറിന്റെ ശേഷി വർദ്ധിപ്പിക്കൽ	56,717 രൂപ
4.	പീപ്പിൾസ് പാർട്ടിസിപ്പേഷന്റെ രണ്ടാം വർഷ പണികൾ	2,87,707 രൂപ.

(ഇ) 1. കോഴിമല നിന്നും കോങ്കളങ്ങി ജംഗ്ഷനിലേക്ക് ഒരു കി.മീ. 11 കെ. വി. ലൈൻ വലിച്ച് ആറൻമുള ഇലവം തിട്ട ഫീഡറുകൾ തമ്മിൽ യോജിപ്പിച്ചു. തന്മൂലം മെഴുവേലി ഭാഗത്തുണ്ടായിരുന്ന കൂടെക്കൂടെയുള്ള വൈദ്യുതി തടസ്സം പരിഹരിക്കപ്പെട്ടു.

2. കിടങ്ങൂർ വാഴേപ്പടി ജംഗ്ഷനിൽ നിന്നും ഗുരുക്കൻ കുന്ന് സ്കൂൾ വരെ 1.2 കി.മീ. 11 കെ.വി. ലൈൻ വലിച്ച് രണ്ട് 100 കെ.വി.എ. ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചു. (കോടതി സ്റ്റേ മൂലം പ്രസ്തുത ട്രാൻസ്ഫോമറുകൾ ചാർജ്ജ് ചെയ്യാൻ സാധിച്ചിട്ടില്ല.)

3. ഒന്നര കി.മീ. 11 കെ.വി. ലൈൻ വലിച്ച് മെഴുവേലി തോലയിൽ ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

4. ഒന്നര കി.മീ. 11 കെ.വി. ലൈൻ വലിച്ച് മെഴുവേലി പാറപ്പാട്ടു പടിക്കൽ ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.
5. 1.7 കി.മീ. 11 കെ.വി. ലൈൻ വലിച്ച് കളരിക്കോട്, കവളപ്ലാക്കൽ എന്നീ സ്ഥലങ്ങളിൽ 2 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.
6. ഒരു കി.മീ. 11 കെ.വി. ലൈൻ വലിച്ച് ഇടയാറൻമുള വിളക്കുമാടം ജംഗ്ഷനിൽ 100 കെ.വി.എ. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.
7. മാലക്കര ആനന്തവാടി ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിച്ചു.
8. ആറാട്ടുപുഴ നെള്ളിയൂർക്കടവ് റോഡിലെ സിങ്കിൾ ഫേസ് ത്രീഫേസ് ആയി ഉയർത്തി.
9. എരുമക്കാട് നിന്നും പുലിക്കുന്നുമല വരെ ഒരു കി.മീ. 11 കെ.വി. ലൈൻ വലിച്ച് ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.
10. കിടങ്ങൂർ വില്ലേജ് ഓഫീസ് റോഡിലെ സിങ്കിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി ഉയർത്തി.
11. കിടങ്ങൂർ കുരിശുംമൂട് ജംങ്ഷനിൽ 0.8 കി.മീ. 11 കെ.വി. ലൈൻ വലിച്ച് ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

(എഫ്) മേൽവിവരിച്ച ഓരോ പണിക്കും ചെലവായിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	1	56,050 രൂപ
"	2	2,29,827 "
"	3	1,39,500 "
"	4	1,34,320 "
"	5	1,94,000 "
"	6	1,32,800 "
"	7	63,730 "
"	8	16,300 "
"	9	1,26,700 "
"	10	46,250 "
"	11	1,10,000 "

(ജി) താഴെപ്പറയുന്ന 11 സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

1.	കിടങ്ങൂർ	1 എണ്ണം
2.	പാറപ്പാട്ടുപടിക്കൽ	1 "
3.	മെഴുവേലിതോല	1 "
4.	പുലിക്കുന്നുമല	1 "

LIBRARY ARCHIVES Kerala Legislative Assembly

5.	വിളക്കുമാടം	1	"
6.	വാഴേപ്പടി ഗുരുക്കൻ കുന്ന്	2	"
7.	കളരിക്കോട്	2	"
8.	തോട്ടപ്പുഴശ്ശേരി	1	" (ശേഷി വർദ്ധിപ്പിക്കൽ)
9.	മാലക്കര മാനന്തവാടി	1	" (")

വർദ്ധിപ്പിച്ച വൈദ്യുതി നിരക്കുകൾ

82 (234) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗാർഹിക ഉപയോഗത്തിന് നൽകുന്ന വൈദ്യുതിക്കും വാണിജ്യ വ്യവസായ ആവശ്യത്തിന് നൽകുന്ന വൈദ്യുതിക്കും നിരക്ക് എത്ര വീതമായിരുന്നു ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചു.

(സി) 2000 മാർച്ച് 31-ലെ കണക്കനുസരിച്ച് ഗാർഹിക, വാണിജ്യ, വ്യവസായ ആവശ്യത്തിന് നൽകുന്ന വൈദ്യുതിയുടെ നിരക്ക് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിരക്ക് വർദ്ധിപ്പിക്കാനുള്ള പ്രത്യേക കാര്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒ.വൈ.ഇ.സി. യിൽ കണക്ഷൻ കിട്ടാൻ ഓരോ ഇനത്തിനും എത്ര തുകയായിരുന്നു ഈടാക്കിയിരുന്നത് ;

(എഫ്) 2000 മാർച്ച് 31-ലെ കണക്കനുസരിച്ച് ഒ.വൈ.ഇ.സി.യിൽ കണക്ഷൻ തുക എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധം -1 ൽ കൊടുത്തിട്ടുണ്ട്.*

(ബി) 1-2-1997-ലും, 15-5-1999-ലും ആയി രണ്ട് തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചു.

(സി) അനുബന്ധം -2ൽ കൊടുത്തിട്ടുണ്ട്.*

(ഡി) സംസ്ഥാനത്തെ വൈദ്യുതി പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉൽപാദനചെലവിലുള്ള വർദ്ധനയും കായംകുളം താപനിലയിത്തിൽ നിന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly